പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 204

# 2024-ലെ കേരള വന്യജീവി ആക്രമണത്തിനിരയായവർക്കുള്ള നഷ്ടപരിഹാരം നൽകൽ ബിൽ

(ഡോ. എൻ. ജയരാജ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 204

# 2024-ലെ കേരള വന്യജീവി ആക്രമണത്തിനിരയായവർക്കുള്ള നഷ്ടപരിഹാരം നൽകൽ ബിൽ

(ഡോ. എൻ. ജയരാജ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

633/2024.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 204

# 2024-ലെ കേരള വന്യജീവി ആക്രമണത്തിനിരയായവർക്കുള്ള നഷ്ടപരിഹാരം നൽകൽ ബിൽ

(ഡോ. എൻ. ജയരാജ്, എം.എൽ.എ. നോട്ടീസ് നൽകിയത്)

കേരളസംസ്ഥാനത്ത് വന്യജീവി ആക്രമണംമൂലം ജീവൻ നഷ്ടപ്പെടുകയോ പരിക്കേൽക്കുകയോ കൃഷിക്കോ വളർത്തുമൃഗങ്ങൾക്കോ വസ്തുവകകൾക്കോ നഷ്ടം സംഭവിക്കുകയോ ചെയ്തതിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള വ്യവസ്ഥകൾ രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്ത് വന്യജീവി ആക്രമണംമൂലം ജീവൻ നഷ്ടപ്പെടുകയോ പരിക്കേൽക്കുകയോ കൃഷിയ്ക്കോ വളർത്തുമൃഗങ്ങൾക്കോ വസ്തുവകകൾക്കോ നഷ്ടം സംഭവിക്കുകയോ ചെയ്തതിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള വ്യവസ്ഥകൾ രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കയാൽ;

ഭാരത റിപ്പബ്ളിക്കിന്റെ എഴുപത്തിയഞ്ചാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2024-ലെ കേരള വന്യജീവി ആക്രമണത്തിനിരയായവർക്കുള്ള നഷ്ടപരിഹാരം നൽകൽ ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് സർക്കാർ ഗസറ്റ് വിജ്ഞാപനംവഴി നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—(1) ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "വന്യജീവി" എന്നാൽ 1972-ലെ വന്യജീവി സംരക്ഷണ നിയമത്തിലെ (1972-ലെ 53-ാം കേന്ദ്രനിയമം) 2-ാം വകുപ്പ് (36)-ാം ഉപവകുപ്പിൽ അതിന് നൽകിയിട്ടുള്ള അർത്ഥവും കൂടാതെ കാലാകാലങ്ങളിൽ, സർക്കാർ, ഔദ്യോഗിക വിജ്ഞാപനത്തിലൂടെ വന്യജീവി എന്ന് നാമകരണം ചെയ്യുന്നവയും വന്യജീവി ആക്രമണത്തിന് സമാന സ്വഭാവത്തോടെ വനത്തിനുള്ളിലോ പുറത്തോ അപകടകരമാംവിധം മുറിവേൽപ്പിക്കുവാൻ കഴിയുന്ന ജീവികളും അല്ലെങ്കിൽ അതുപോലെയുള്ളവയും ഉൾപ്പെടുന്നതാകുന്നു;

(ബി) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു;

(സി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ഡി) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങൾ പ്രകാരം നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ഇ) "വിജ്ഞാപനം" എന്നാൽ കേരള സർക്കാരിന്റെ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനം എന്നർത്ഥമാകുന്നു;

(എഫ്) "വളർത്തുമൃഗം" എന്നാൽ 1972-ലെ വന്യജീവി സംരക്ഷണ നിയമത്തിലെ 2-ാം വകുപ്പ് (18എ) ഉപവകുപ്പിൽ നൽകിയിരിക്കുന്ന അതേ അർത്ഥം ആയിരിക്കുന്നതാണ്;

(ജി) "നിയമാനുസൃത പിന്തുടർച്ചാവകാശി" എന്നാൽ ഒരാൾ അയാളുടെ മരണസമയത്ത് സ്ഥാവരവസ്തുവകകൾ ശേഷിപ്പിച്ചിട്ടുള്ളപക്ഷം അതിന്മേൽ നിയമപരമായ അവകാശം സിദ്ധിച്ചയാൾ എന്നോ മരണപ്പെട്ടയാളുടെ നിർവ്വഹണാധികാരി അഥവാ ഭരണകർത്താവെന്നോ അർത്ഥമാകുന്നു.

(2) ഈ ആക്റ്റിൽ ഉപയോഗിച്ചിട്ടുള്ളതും (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടില്ലാത്തതുമായ പദങ്ങൾക്കും പദപ്രയോഗങ്ങൾക്കും 1972-ലെ വന്യജീവി സംരക്ഷണ നിയമത്തിൽ (1972-ലെ 53-ാമത് കേന്ദ്രനിയമം) ഉദ്ദേശിച്ചിട്ടുള്ള അതേ അർത്ഥം ആയിരിക്കുന്നതാണ്.

3. സർക്കാർ നഷ്ടപരിഹാരം നൽകണമെന്ന്.—(1) ഈ ആക്റ്റ് പ്രകാരമോ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങൾ പ്രകാരമോ, വന്യജീവി ആക്രമണംമൂലം ഒരാൾ മുറിവേൽക്കപ്പെടുകയോ സ്ഥായിയായ ക്ഷതം സംഭവിക്കുകയോ മരണപ്പെടുകയോ അല്ലെങ്കിൽ ഒരാളുടെ കൃഷിക്കോ, വളർത്തുമൃഗങ്ങൾക്കോ, വസ്തുവകകൾക്കോ നാശനഷ്ടം സംഭവിക്കുകയോ ചെയ്യുന്നപക്ഷം അയാൾക്കോ അയാളുടെ നിയമാനുസൃത പിന്തുടർച്ചാവകാശിക്കോ അല്ലെങ്കിൽ ഉടമയ്ക്കോ, അതത് സംഗതിപോലെ, സർക്കാർ നഷ്ടപരിഹാരം നൽകേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരമുള്ള നഷ്ടപരിഹാരം താഴെപ്പറയുന്ന കാര്യങ്ങൾക്കായി നൽകേണ്ടതാണ്, അതായത്:—

(i) ആളിന്/ആളുകൾക്ക് ജീവഹാനി സംഭവിക്കുന്നതിൽ;

(ii) ആളിന്/ആളുകൾക്ക് മുറിവേൽക്കുന്നതിൽ;

(iii) ആളിന്/ആളുകൾക്ക് സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്നതിൽ;

(iv) വളർത്തുമൃഗങ്ങൾ കൊല്ലപ്പെടുന്നതിൽ;

(v) വളർത്തുമൃഗങ്ങൾക്ക് പരിക്കേൽക്കുന്നതിൽ;

(vi) നാണ്യവിളകൾക്കോ ഫലവൃക്ഷങ്ങൾക്കോ മറ്റ് കൃഷികൾക്കോ നാശനഷ്ടം സംഭവിക്കുന്നതിൽ;

(vii) സ്ഥാവരമോ അല്ലാത്തതോ ആയ വസ്തുവകകൾ നശിപ്പിക്കപ്പെടുകയോ കേടുപാടുകൾ വരുത്തുകയോ ചെയ്യപ്പെടുന്നതിൽ;

(viii) നിർണ്ണയിക്കാവുന്ന മറ്റേതെങ്കിലും തരത്തിലുള്ള നാശനഷ്ടമോ പരിക്കോ സംഭവിക്കുന്നതിൽ.

4. നഷ്ടപരിഹാര തുക.—(1) 3-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള കഷ്ടനഷ്ടങ്ങൾക്കായി നൽകേണ്ട നഷ്ടപരിഹാരത്തുകയുടെ നിരക്ക് കാലാകാലങ്ങളിൽ സർക്കാർ നിർണ്ണയിക്കുന്നപ്രകാരം ആയിരിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം നിർണ്ണയിച്ച നിരക്ക് ഗസറ്റ് വിജ്ഞാപനത്തിലൂടെ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

5. നഷ്ടപരിഹാര തുക കണക്കാക്കുന്നതിലെ മാനദണ്ഡങ്ങൾ.—(1) നഷ്ടപരിഹാര തുക കണക്കാക്കുന്നതിലെ മാനദണ്ഡങ്ങൾ താഴെപ്പറയുന്ന പ്രകാരമായിരിക്കേണ്ടതാണ്, അതായത്:—

(i) വിളനാശം - വിള വളർത്തപ്പെടുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം, ബയോമാസ്, വിളയിൽ നിന്നും പ്രതീക്ഷിക്കുന്ന വരുമാനം, സംസ്ഥാനത്തെ വിളയുടെ കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ ശരാശരി കമ്പോള വില ആ പ്രദേശത്തെ കൃഷി ഓഫീസറുടെ സാക്ഷ്യപ്പെടുത്തലോടെ നിർണ്ണയിക്കുന്ന സാമ്പത്തിക പരിധിയിൽ കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം നൽകുന്നതിലെ ചെലവ്;

(ii) വസ്തുവകകളുടെ നാശനഷ്ടം - നിർണ്ണയിക്കുന്ന ധനപരമായ പരിധിക്കുള്ളിൽ മാറ്റി സ്ഥാപിക്കുന്നതോ അറ്റകുറ്റപ്പണികൾക്കോ ആവശ്യമായ ചെലവ് ആ പ്രദേശത്തെ വില്ലേജ് ഓഫീസറുടെ സാക്ഷ്യപ്പെടുത്തലോടെ നിർണ്ണയിക്കുന്ന സാമ്പത്തിക പരിധിയിൽ നാശനഷ്ടത്തിനുള്ള ചെലവ്;

(iii) വളർത്തുമൃഗങ്ങൾക്കുള്ള പരിക്ക് - പരിക്കിന്റെ സ്വഭാവവും വ്യാപ്തിയും ആ പ്രദേശത്തെ സർക്കാർ വെറ്റിനറി സർജന്റെ സാക്ഷ്യപ്പെടുത്തലോടെ നിർണ്ണയിക്കുന്ന സാമ്പത്തിക പരിധിയിൽ വൈദ്യസഹായം നൽകുന്നതിനുള്ള ചെലവ്;

(iv) വളർത്തുമൃഗങ്ങളുടെ ജീവഹാനി - ഇനം, പാലുല്പാദിപ്പിക്കുന്നതോ, പ്രായം, വളർത്തുമൃഗത്തിന്റെ കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ സംസ്ഥാനത്തെ ശരാശരി കമ്പോളവില;

(v) ആളിന്/ആളുകൾക്കുള്ള പരിക്ക് - ഒരു സർക്കാർ ആശുപത്രിയിൽ നൽകേണ്ട തുടക്കത്തിലുള്ള വൈദ്യസഹായ ചെലവുകൾ, സർക്കാർ സർവ്വീസിലെ

സിവിൽ സർജൻ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപ്പെടുത്തലോടെയുള്ള തുടർചികിത്സാ ച്ചെലവുകളുടെ ക്ലെയിമുകൾ, പരിക്കിന്റെ ആഘാതത്തിനാനുപാതികമായ നഷ്ടപരിഹാരം;

(vi) ആളിന്റെ/ആളുകളുടെ മരണം - നിർണ്ണയിക്കാവുന്ന പരിധിയിലുള്ള മരണാനന്തര ചെലവുകൾ, പൂർണ്ണമായ നഷ്ടപരിഹാരം.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള മാനദണ്ഡങ്ങളിൽ സർക്കാരിന് കാലാകാലങ്ങളിൽ മാറ്റം വരുത്താവുന്നതാണ്.

6. നഷ്ടപരിഹാര ക്ലെയിമുകൾ.—(1) വന്യജീവി ആക്രമണത്തിനുള്ള നഷ്ടപരിഹാരം ലഭിക്കുന്നതിന്, ആക്രമണത്തിനിരയായ ആളോ മരണപ്പെട്ടതാണെങ്കിൽ അയാളുടെ നിയമാനുസൃത പിന്തുടർച്ചാവകാശിയോ അപ്രകാരമുള്ള ആക്രമണമുണ്ടായി മൂന്ന് മാസത്തിനുള്ളിൽ നിർണ്ണയിക്കാവുന്ന രേഖകൾ സഹിതം ആ പ്രദേശത്തെ ചുമതലയുള്ള റേഞ്ച് ഫോറസ്റ്റ് ഓഫീസറുടെയോ അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡന്റെയോ പക്കൽ നിർണ്ണയിക്കാവുന്ന അപേക്ഷാഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള അപേക്ഷ ലഭിക്കുന്ന റേഞ്ച് ഫോറസ്റ്റ് ഓഫീസറോ അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡനോ അതതു സംഗതിപോലെ വ്യക്തിപരമായ ഒരന്വേഷണം നടത്തുകയും അപ്രകാരമുള്ള അന്വേഷണ റിപ്പോർട്ടും ശിപാർശകളും അടങ്ങുന്ന അപേക്ഷ ആ പ്രദേശത്തെ ചുമതലയുള്ള ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെയോ വൈൽഡ് ലൈഫ് വാർഡന്റെയോ മുമ്പാകെ പതിനഞ്ച് ദിവസത്തിനകം സമർപ്പിക്കേണ്ടതുമാണ്.

(3) റേഞ്ച് ഫോറസ്റ്റ് ഓഫീസറോ അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡനോ നൽകിയ അന്വേഷണ റിപ്പോർട്ടും ശിപാർശകളും പരിശോധിച്ചശേഷവും ആവശ്യമെന്ന് കരുതുന്നപക്ഷം കൂടുതൽ അന്വേഷണം നടത്തിയും പതിനഞ്ച് ദിവസത്തിനകം ആക്രമണം ഉണ്ടായ പ്രദേശത്തെ ചുമതലയുള്ള ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ വൈൽഡ് ലൈഫ് വാർഡനോ അതതു സംഗതിപോലെ നഷ്ടപരിഹാര തുക അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

(4) (3)-ാം ഉപവകുപ്പ് പ്രകാരം അനുവദിച്ച നഷ്ടപരിഹാരം സംബന്ധിച്ച് ഡെപ്യൂട്ടി കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് എന്നിവരെ എത്രയുംവേഗം അറിയിക്കേണ്ടതാണ്.

(5) (3)-ാം ഉപവകുപ്പ് പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിനുമുൻപും (2)-ാം ഉപവകുപ്പ് പ്രകാരമുള്ള ശിപാർശകൾ നൽകുന്നതിനുമുൻപും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നഷ്ടപരിഹാര തുകയ്ക്ക് അർഹതയില്ലാത്തതോ നൽകേണ്ടതല്ലാത്തതോ ആയി ഈ ആക്റ്റിലെ 7-ാം വകുപ്പിലെ വ്യവസ്ഥകൾ പരിഗണിക്കേണ്ടതാണ്.

(6) നഷ്ടപരിഹാരത്തിന് അപേക്ഷിച്ചയാൾ നിയമാനുസൃത പിന്തുടർച്ചാവകാശി ആണെങ്കിൽ അന്വേഷണഘട്ടത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് നിയമാനുസൃത പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്.

(7) വന്യജീവി ആക്രമണത്താൽ സ്ഥായിയായതോ അല്ലാതെയോ ഉള്ള പരിക്കേറ്റ സംഗതിയിൽ അപ്രകാരമുള്ള പരിക്കിന്റെ സ്വഭാവം വ്യക്തമാക്കിക്കൊണ്ടുള്ള സർക്കാർ സർവ്വീസിലെ സിവിൽ സർജന്റെ പദവിയിൽ കുറയാത്തയാളുടെ പക്കൽനിന്നും മെഡിക്കൽ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥന് അപേക്ഷയോടൊപ്പം നൽകേണ്ടതാണ്.

(8) വന്യജീവി ആക്രമണംമൂലം വളർത്തുമൃഗങ്ങൾക്കോ, കൃഷിക്കോ, സ്ഥാവര വസ്തുവകകൾക്കോ നാശനഷ്ടം സംഭവിക്കുന്നതിൽ അതത് സംഗതിപോലെ ആ പ്രദേശത്തെ വെറ്ററിനറി സർജൻ, കൃഷി ഓഫീസർ, വില്ലേജ് ഓഫീസർ എന്നിവരിൽനിന്നുമുള്ള റിപ്പോർട്ട് (1)-ാം വകുപ്പ് പ്രകാരം അപേക്ഷ സ്വീകരിച്ച ഉദ്യോഗസ്ഥൻ പതിനഞ്ച് ദിവസത്തിനകം നേടിയശേഷം മേലധികാരിക്ക് ക്ലെയിം അപേക്ഷയും അനുബന്ധ രേഖയും സമർപ്പിക്കേണ്ടതാണ്.

(9) സർക്കാർ ഏർപ്പെടുത്തിയ ഹെൽപ്പ് ലൈൻ സംവിധാനത്തിലൂടെ ഓൺലൈനായോ അല്ലാതെയോ അപേക്ഷകൾ സമർപ്പിക്കുന്നതിന് സൗകര്യമേർപ്പെടുത്തേണ്ടതും അപേക്ഷയിന്മേൽ തുടർ നടപടി സ്വീകരിച്ചത് സംബന്ധിച്ച് നിർണ്ണയിക്കാവുന്ന വിവരങ്ങൾ അപേക്ഷകനെ ഡിജിറ്റലായോ മൊബൈലിൽ കൂടിയോ തപാൽ വകുപ്പ് മുഖേനയോ അറിയിക്കേണ്ടതാണ്.

7. നഷ്ടപരിഹാരത്തിന് അർഹതപ്പെടാത്തവ.—(1) വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട് സമർപ്പിക്കുന്ന ക്ലെയിം അപേക്ഷകളിൽ ഇനിപ്പറയുന്ന കാരണങ്ങളാൽ നഷ്ടപരിഹാരത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല, അതായത്:—

(എ) നിയമവിരുദ്ധമായി വനഭൂമിയിൽ പ്രവേശിക്കുന്നതിൽ;

(ബി) വനവിഭവങ്ങൾ അനധികൃതമായി കടത്തുന്നതിനിടയിൽ ഏൽക്കുന്ന ആക്രമണങ്ങൾ;

(സി) അനധികൃതമായി റിസർവ്വ് വനങ്ങളിൽ പ്രവേശിക്കുന്നതിൽ;

(ഡി) വനഭൂമിയിൽ മാറ്റം വരുത്തിയോ അല്ലാതെയോ നടത്തുന്ന കൃഷിക്ക് നാശം സംഭവിക്കുന്നതിൽ;

(ഇ) 1972-ലെ വന്യജീവി സംരക്ഷണ നിയമം (1973-ലെ 53-ാം കേന്ദ്രനിയമം), 1961-ലെ കേരള വനം ആക്റ്റ് (1962-ലെ 4) എന്നീ നിയമങ്ങൾ പ്രകാരം ഏതെങ്കിലും കുറ്റകൃത്യത്തിൽ ഏർപ്പെടുകയോ ശിക്ഷിക്കപ്പെടുകയോ ചെയ്തിട്ടുണ്ടെങ്കിൽ;

(എഫ്) വന്യജീവി ആക്രമണമെന്ന പേരിൽ നൽകപ്പെടുന്ന അപേക്ഷ അവാസ്തവമെന്ന് കണ്ടെത്തുന്നതിൽ.

(2) (1)-ാം ഉപവകുപ്പിലെ ഏതെങ്കിലും കാരണത്താൽ ക്ലെയിം അപേക്ഷ നിരസിക്കുന്ന സംഗതിയിൽ അതിന്മേൽ പരാതി നൽകുന്നതിനും തെളിവുകൾ ഹാജരാക്കുന്നതിനും അപേക്ഷകനെ കേൾക്കുന്നതിന് ന്യായമായ അവസരം ലഭിക്കുന്നതിനും അപേക്ഷകന് അർഹതയുണ്ടായിരിക്കുന്നതാണ്.

8. നഷ്ടപരിഹാര ക്ലെയിമുകളിന്മേലുള്ള പരാതികളുടെ തീർപ്പാക്കൽ.—(1) ഈ ആക്റ്റ് പ്രകാരമുള്ള നഷ്ടപരിഹാര ക്ലെയിമുകളിന്മേലുള്ള പരാതി, അപേക്ഷ നിരസിച്ചതായുള്ള ഉത്തരവ് ലഭിച്ച് മുപ്പത് ദിവസത്തിനുള്ളിൽ, ആക്രമണം നടന്ന പ്രദേശത്തെ ചുമതലയുള്ള ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ഒരന്വേഷണം നടത്തിയതിന് ശേഷം റിപ്പോർട്ട് സഹിതം ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സിന് കൈമാറേണ്ടതാണ്. ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് പരാതി തീർപ്പാക്കേണ്ടതാണ്:

എന്നാൽ മനുഷ്യജീവൻ നഷ്ടപ്പെട്ടതോ ആളിനോ/ആളുകൾക്കോ പരിക്കേൽക്കുകയോ ചെയ്തിട്ടുള്ള സംഗതികളിൽ ക്ലെയിമുകളിന്മേലുള്ള പരാതി ആ പ്രദേശത്തെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ഒരന്വേഷണം നടത്തിയതിന് ശേഷം അന്വേഷണ റിപ്പോർട്ട് സഹിതം പരാതി ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് നൽകേണ്ടതും അദ്ദേഹം വ്യക്തമായ നിർദ്ദേശങ്ങളോടെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സിന് സമർപ്പിക്കേണ്ടതും അദ്ദേഹം പരാതി തീർപ്പാക്കേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള നടപടി സ്വീകരിച്ചശേഷം ഏതെങ്കിലും അപേക്ഷ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററോ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സോ നിരസിക്കുന്നപക്ഷം അപ്രകാരം അപേക്ഷ നിരസിക്കുന്നതിനുള്ള കാരണം വ്യക്തമായി രേഖപ്പെടുത്തി അപേക്ഷകനെ അറിയിക്കേണ്ടതാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരം പരാതി നിരസിക്കുന്നതിനുമുൻപ് അപേക്ഷകന് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകേണ്ടതാണ്.

9. നഷ്ടപരിഹാര ക്ലെയിമുകളിന്മേലുള്ള പരാതികൾ തീർപ്പാക്കുന്നതിനുള്ള കാലപരിധി.—നഷ്ടപരിഹാരം നൽകിയതിൽ പരാതിയുള്ളപക്ഷം പ്രസ്തുത പരാതി ലഭിച്ച് അത് തീർപ്പാക്കുന്നതിൽ മുപ്പത് പ്രവൃത്തിദിവസം കഴിയുവാൻ പാടില്ലാത്തതാകുന്നു.

10. നഷ്ടപരിഹാരം നൽകുന്നതിലെ കാലവിളംബം.—8-ാം വകുപ്പ് പ്രകാരം ഏതെങ്കിലും നഷ്ടപരിഹാരത്തിന്മേലുള്ള പരാതി തീർപ്പാക്കുന്നതിൽ മുപ്പത് ദിവസം അധികരിക്കുന്ന പക്ഷം നിർണ്ണയിക്കാവുന്ന നിരക്കിലുള്ള പലിശസഹിതം അപേക്ഷകന് നൽകേണ്ടതാണ്.

11. അവാസ്തവമായ നഷ്ടപരിഹാര അപേക്ഷ.—(1) വന്യജീവി ആക്രമണമെന്ന പേരിൽ ഏതെങ്കിലും നഷ്ടപരിഹാര അപേക്ഷ വ്യാജമെന്ന് കണ്ടെത്തുന്ന സാഹചര്യത്തിൽ അപ്രകാരമുള്ള അപേക്ഷ സമർപ്പിച്ച വ്യക്തിയിൽനിന്നും ആയിരം രൂപയിൽ കുറയാത്തതും അയ്യായിരം രൂപയിൽ കവിയാത്തതുമായ തുക പിഴയായി ഈടാക്കേണ്ടതാണ്.

(2)(1)-ാം ഉപവകുപ്പ് പ്രകാരം നിശ്ചയിച്ച ഏതൊരു തുകയും നിർദ്ദേശിച്ച പ്രകാരം ഒടുക്കാത്ത സാഹചര്യത്തിൽ ഭൂമിയിൽ നിന്നുള്ള നികുതി കുടിശ്ശിക എന്നതുപോലെ ഈടാക്കാവുന്നതാണ്.

12. മുൻകാല നഷ്ടപരിഹാര അപേക്ഷകൾക്ക് ബാധകമല്ലെന്ന്.—ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്നതിന് മുൻപ് തീർപ്പാക്കിയ നഷ്ടപരിഹാര അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധമായി ഈ ആക്റ്റിലെ വ്യവസ്ഥകൾ ഒന്നുംതന്നെ ബാധകമാകുന്നതല്ല.

13. ഉത്തമവിശ്വാസപൂർവ്വം ചെയ്ത നടപടികൾക്ക് സംരക്ഷണം.—ഈ ആക്റ്റിലേയോ അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളിലേയോ വ്യവസ്ഥകൾ പ്രകാരം ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ ഏതെങ്കിലും നടപടികൾ സംബന്ധിച്ച് യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ ശിക്ഷാനടപടികളോ മറ്റ് നിയമനടപടികളോ ഒരാൾക്കെതിരെ നിൽക്കുന്നതല്ല.

14. ആക്റ്റിന്റെ അധിപ്രഭാവം.—ഈ ആക്റ്റിലെയും അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും അധിപ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

15. വൈഷമ്യങ്ങൾ നീക്കം ചെയ്യൽ.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിൽ ഏതെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം, സർക്കാരിന്, ഗസറ്റിൽ പ്രസിദ്ധീകരിച്ച ഉത്തരവ് മുഖേന, വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിലേയ്ക്കായി തങ്ങൾക്ക് ആവശ്യമെന്ന് തോന്നുന്നതും, ഈ ആക്റ്റിന് വിരുദ്ധമല്ലാത്തതുമായ ഏതു നടപടിയും സന്ദർഭം ആവശ്യപ്പെടുന്നതുപോലെ ഉത്തരവ് മുഖേന ചെയ്യാവുന്നതാണ്:

എന്നാൽ, ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ രണ്ട് വർഷത്തിനുശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവുകളും അത് ഉണ്ടാക്കിയതിനുശേഷം നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

16. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന്, വിജ്ഞാപനം വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി മുൻകാല പ്രാബല്യത്തോടുകൂടിയോ പിൽക്കാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റുപ്രകാരം ഉണ്ടാക്കുന്ന ഏതൊരു ചട്ടവും, അത് ഉണ്ടാക്കിയതിനുശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുമ്പാകെ, ഒരു സമ്മേളനത്തിലോ അല്ലെങ്കിൽ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോപെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ അതിന് തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതത് സംഗതിപോലെ, അപ്രകാരം ഭേദഗതി ചെയ്ത രൂപത്തിൽമാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും,

അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതുമാണ്.

## ഉദ്ദേശ്യകാര്യങ്ങളുടെ വിവരണം

വന്യജീവി ആക്രമണം സംസ്ഥാന പ്രത്യേക ദുരന്തമായി (സ്റ്റേറ്റ് സ്പെസിഫിക് ഡിസാസ്റ്റർ) സർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്. മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് ഒട്ടേറെ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. എങ്കിലും കാട്ടിൽനിന്നും പുറത്തു കടക്കുന്ന വന്യജീവികൾ മനുഷ്യരെ ആക്രമിക്കുന്നതും കൃഷി നശിപ്പിക്കുന്നതും സാമൂഹ്യ പ്രശ്നമായി ഇപ്പോഴും നിലനിൽക്കുന്നു.

വന്യജീവികളുടെ ആക്രമണംമൂലം മനുഷ്യജീവന്റെയും സ്വത്തിന്റെയും നഷ്ടത്തിന് പരിഹാരം സർക്കാർ നൽകിവരുന്നു. എന്നാൽ നഷ്ടപരിഹാരം നൽകുന്നത് “1980-ലെ കേരളാ റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ്” എന്ന ചട്ടം അടിസ്ഥാനമാക്കിയാണ്. പ്രസ്തുത ചട്ടം അനേകതവണ ഭേദഗതി ചെയ്തിട്ടുള്ളതിനാൽ എല്ലാ വ്യവസ്ഥകളും ഉൾക്കൊള്ളുന്ന സമഗ്ര നിയമരേഖ ലഭ്യമല്ല. ഇത് നഷ്ടപരിഹാരത്തിനുള്ള നടപടിക്രമത്തിലും തുകയിലും അവ്യക്തതയ്ക്കിടയാക്കുന്നു. കൂടാതെ, നഷ്ടപരിഹാരം കണക്കാക്കുന്നതിലെ മാനദണ്ഡങ്ങൾ പ്രാമാണീകരിച്ചിട്ടില്ലാത്തതിനാൽ ഉദ്യോഗസ്ഥരുടെ വ്യക്തിഗത തീരുമാനങ്ങളിൽ മാത്രം അധിഷ്ഠിതമായി നഷ്ടപരിഹാരം നൽകേണ്ടതായി വരുന്നു. ഏതൊക്കെ നഷ്ടപരിഹാര അപേക്ഷകൾ ഏത് ഉദ്യോഗസ്ഥതലത്തിൽ എന്ത് നടപടി സ്വീകരിക്കണമെന്ന് ചട്ടങ്ങളിൽ വ്യക്തമല്ല. ഇത് നഷ്ടപരിഹാരം നൽകുന്നതിൽ കാലവിളംബം സൃഷ്ടിക്കുന്നു. മാത്രമല്ല ക്ലെയിമുകൾക്കും പരാതി പരിഹാരത്തിനുമായി സമയക്രമം ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്നില്ലതാനും. ഇത്തരത്തിൽ കാലവിളംബംമൂലം ജനങ്ങൾക്കുണ്ടാകുന്ന നീതി നിഷേധം ഒഴിവാക്കുവാൻ സമഗ്രമായ നിയമനിർമ്മാണം സഹായകമാകുന്നതാണ്. അത് ഉദ്ദേശിച്ചുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാകുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽനിന്നും ആവർത്തകവും അനാവർത്തകവുമായ ചെലവുകൾ ഉണ്ടാവുന്നതാണ്. ആയത് ബിൽ പ്രാബല്യത്തിലായതിനുശേഷം മാത്രമേ കണക്കാക്കാൻ സാധിക്കുകയുള്ളു.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

(1) ബില്ലിലെ ഖണ്ഡം 3, ഉപഖണ്ഡം (2) (viii)-ൽ നഷ്ടപരിഹാരം നൽകുന്ന കാര്യങ്ങളിൽ ഉപഖണ്ഡം (2)-ൽ പരാമർശിച്ചിട്ടുള്ള കാര്യങ്ങൾക്കു പുറമെ പുതുതായി നഷ്ടപരിഹാരം നൽകുന്നതിന് അർഹതയുള്ള കാര്യങ്ങളും ഉൾപ്പെടുത്തുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(2) ബില്ലിലെ ഖണ്ഡം 4, ഉപഖണ്ഡം (1) നഷ്ടപരിഹാര തുകയുടെ നിരക്ക് കാലാകാലങ്ങളിൽ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(3) ബില്ലിലെ ഖണ്ഡം 4, ഉപഖണ്ഡം (2) നഷ്ടപരിഹാര തുകയുടെ നിരക്ക് ഗസറ്റ് വിജ്ഞാപനത്തിലൂടെ പ്രസിദ്ധപ്പെടുത്തുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(4) ബില്ലിലെ ഖണ്ഡം 5, ഉപഖണ്ഡം (1)(i) കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം നൽകുന്നതിൽ സാമ്പത്തിക പരിധി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(5) ബില്ലിലെ ഖണ്ഡം 5, ഉപഖണ്ഡം (1)(ii) വസ്തുവകകൾക്കുള്ള നാശനഷ്ടത്തിന് നഷ്ടപരിഹാരം നൽകുന്നതിലെ സാമ്പത്തിക പരിധി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(6) ബില്ലിലെ ഖണ്ഡം 5, ഉപഖണ്ഡം (1) (iii) വളർത്തുമൃഗങ്ങൾക്കുള്ള പരിക്കിന് വൈദ്യസഹായം നൽകുന്നതിലെ സാമ്പത്തിക പരിധി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(7) ബില്ലിലെ ഖണ്ഡം 6, ഉപഖണ്ഡം (1) നഷ്ടപരിഹാര ക്ലെയിമുകൾക്ക് സമർപ്പിക്കേണ്ട അപേക്ഷാഫോമിന്റെ മാതൃകയും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകളും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(8) ബില്ലിലെ ഖണ്ഡം 6, ഉപഖണ്ഡം (8) നഷ്ടപരിഹാര ക്ലെയിമുകളുടെ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് അപേക്ഷകനെ അറിയിക്കേണ്ട വിവരങ്ങൾ നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(9) ബില്ലിലെ ഖണ്ഡം 9 നഷ്ടപരിഹാര അപേക്ഷ തീർപ്പാക്കുന്നതിൽ കാലവിളംബം നേരിടുന്ന കേസ്സുകളിൽ നൽകേണ്ടതായ പലിശനിരക്ക് നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(10) ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ വിജ്ഞാപനങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കേണ്ടത് അല്ലെങ്കിൽ ചട്ടങ്ങളോ റെഗുലേഷനുകളോ ഉണ്ടാക്കേണ്ടത്, അവ നടപടിക്രമങ്ങൾ സംബന്ധിച്ചുള്ളതും സാധാരണവും ഭരണപരവും ആയ സ്വഭാവത്തോടുകൂടിയതുമാണ്. കൂടാതെ, ചട്ടങ്ങൾ സംബന്ധിച്ച വിഷയങ്ങൾ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം അതിനാൽ സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

ഡോ.എൻ.ജയരാജ്.